**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - സിനി പോളീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് - തീയേറ്ററുകളിൽ കമ്പ്യൂട്ടറൈസഡ് ടിക്കറ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി.) വകുപ്പ്**

സ.ഉ. (സാധാ) നം. 3152/2015/തസ്വഭവ. തിയ്യതി, തിരുവനന്തപുരം, 20-10- 2015.

---

പരാമർശം 1. കൊച്ചി കോർപ്പറേഷൻ കൗൺസിലിന്റെ 24-02-2015-ലെ 34-ാം നം. തീരുമാനം.

2. കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ 23-03-2015-ലെ എം.ഒ.ആർ.5/ 001128/15 നമ്പർ കത്ത്.

3. നഗരകാര്യ ഡയറക്ടറുടെ 12-05-2015 തീയതിയിലെ ജി1-8603/2015 നമ്പർ കത്ത്.

4. കൊച്ചി കോർപ്പറേഷൻ കൗൺസിലിന്റെ 01-10-2-2015-ലെ 46-ാം നം. തീരുമാനം.

5. കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ 18-10-2015-ലെ എം.ഒ.ആർ.5/ 001128/15 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം എം.ജി. റോഡിലുള്ള സെൻട്രൽ സ്ക്വയർ മാളിൽ പ്രവർത്തനം ആരംഭിക്കുന്ന സിനി പോളീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ തിയേറ്ററുകളിൽ കമ്പ്യൂട്ടറൈസ്ഡ് ടിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ട് 13-01-2015-ൽ സമർപ്പിച്ച അപേക്ഷ പരാമർശം 1-ലെ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ള തിനാൽ ഇക്കാര്യത്തിൽ സർക്കാർ അനുമതിക്കായി പരാമർശം 2 പ്രകാരം കൊച്ചി കോർപ്പ റേഷൻ സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി. പരാമർശം 3-ലെ കത്തുപ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്യുകയും ചെയ്തു.

പരാമർശം 4-ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സിനി പോളീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പുതുതായി ആരംഭിക്കുന്ന 11 (പതിനൊന്ന്) തിയേറ്ററുകളുടേയും സെക്യൂരിറ്റി ഡെപ്പോസിറ്റായി 33,00,000/- (മുപ്പത്തി മൂന്ന് ലക്ഷം) രൂപയും വിനോദ നികുതി അഡ്വാൻസായി 16,50,000/- (പതിനാറ് ലക്ഷത്തി അമ്പതിനായിരം) രൂപയും കൊച്ചി കോർപ്പറേഷനിൽ അടവാക്കേണ്ടതാണ് എന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ കമ്പ്യൂട്ട റൈസ്ഡ് ടിക്കറ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്ന് പരാമർശം 5 പ്രകാരം കോർപ്പറേഷൻ സെക്രട്ടറി അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദായി പരിശോധിച്ച് എറണാകുളം എം.ജി. റോഡിലുള്ള സെൻട്രൽ സ്ക്വയർ മാളിൽ പ്രവർത്തനം ആരംഭിക്കുന്ന സിനി പോളീസ് ഇന്ത്യ പ്രൈവറ്റ്

ലിമിറ്റഡിന്റെ 11 തിയേറ്ററുകളിലും കമ്പ്യൂട്ടറൈസഡ് ടിക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സിനി പോളീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ 11 തിയേറ്ററുകളുടേയും സെക്യൂരിറ്റി ഡെപ്പോസിറ്റായി 33,00,000/- (മുപ്പത്തി മൂന്ന് ലക്ഷം) രൂപയും, വിനോദ നികുതി അഡ്വാൻസായി 16,50,000/- (പതിനാറ് ലക്ഷത്തി അമ്പതിനായിരം) രൂപയും കൊച്ചി കോർപ്പറേഷനിൽ ഒടുക്കേണ്ടതാണ്.

2. കേരള ലോക്കൽ അതോറിറ്റി എന്റർടൈൻമെന്റ് ടാക്സ് ആക്റ്റ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുളള ഉത്തരവുകൾക്കും വ്യവസ്ഥകൾക്കും വിധേയമായി വിനോദ നികുതി അടവാക്കേണ്ടതാണ്.

3. ഇ-ടിക്കറ്റ് ഓൺലൈൻ വഴി നൽകുന്നതിനുമുമ്പ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനു കൈമാറേണ്ടതും, കോർപ്പറേഷൻ ഓരോ ടിക്കറ്റിലും കമ്പ്യൂട്ടർ / മാന്വൽ മുഖേന സീലും, സീരിയൽ നമ്പറും പതിച്ച് സിനി പോളീസിന് കൈമാറേണ്ടതുമാണ്.

4. ഇ-ടിക്കറ്റിന്റെ ആവശ്യത്തിന് സിനി പോളീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സ്വന്തം ചെലവിൽ ഒരു കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കൊച്ചി കോർപ്പറേഷനിൽ ലഭ്യമാക്കേണ്ടതാണ്.

5. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഇ-ടിക്കറ്റിംഗ് സമ്പ്രദായത്തിന് മേൽനോട്ടം വഹിക്കുന്നതും ആയത് ഫലപ്രദമായി നടപ്പാക്കുന്നുണ്ടോ എന്ന് നിരന്തരം നിരീക്ഷിച്ച് ഉറപ്പ് വരുത്തുന്നതിന് കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.പി.എം. മുഹമ്മദ് ഹനിഷ്,**
**ഗവ. സെക്രട്ടറി,**
**നഗര കാര്യ വകുപ്പ്**

1 സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ
2 ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
3 സിനി പോളീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി
4 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
5 ഡയറക്ടർ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
6 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
7 ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ